## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1684 — 14.07. 2016 ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി.ഓഫീസുകളിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം

| ചോദ്യം<br>ശ്രീ. എം.രാജഗോപാലൻ | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി ഓഫീസുകളിലായി അറുപത് വയസ്സ് കഴിഞ്ഞിട്ടും തുടരുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) അറുപത് വയസ്സ് കഴിഞ്ഞ പി.റ്റി.സി ജീവനക്കാരായ 3 പേർ കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ട്. |
| (ബി) കെ.എസ്.ഇ.ബി ഓഫീസുകളിൽ വർഷങ്ങളായി താൽക്കാലികമായി തുടരുന്ന എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെയും, പെൻഷൻകാരുടെയും ബന്ധുക്കൾ എത്ര പേരുണ്ടെന്നും വ്യക്തമാക്കാമോ;<br>(സി) ഇത്തരത്തിൽ താൽക്കാലികമായി നിയമിച്ചവരെയും, റിട്ടയർ ചെയ്ത് വീണ്ടും തുടരുന്നവരെയും ഒഴിവാക്കി ജീവനക്കാരെ പി.എസ്.സി. വഴി മാത്രം നിയമിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) കെ.എസ്.ഇ.ബി - യിൽ താൽക്കാലിക ജീവനക്കാർ ഇല്ല. സ്ഥിര ജീവനക്കാർ ഇല്ലാതെ വരുന്ന സാഹചര്യങ്ങളിൽ പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി മാത്രമാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ